പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2476

18.02.2016-ൽ മറുപടിക്ക്.

# ആം ആദ്മി ബീമാ യോജന പദ്ധതി

| ചോദ്യം<br>ശ്രീ.തോമസ് ഉണ്ണിയാടൻ | മറുപടി<br>ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| --- | --- |
| (എ) അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനായി സർക്കാർ 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ആം ആദ്മി ബീമാ യോജന പദ്ധതിയിലൂടെ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്; | (ബി) 2015-16 സാമ്പത്തിക വർഷത്തിൽ 9,65,697 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) 2015-16 സാമ്പത്തിക വർഷത്തിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ 56,299 പുതിയ കുടുംബങ്ങളെ ആം ആദ്മി ബീമാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 2015-16-ലെ കണക്ക്

| സാമ്പത്തിക വർഷം | | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചിലവഴിച്ച തുക (ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 2015-16 | 1. | തോട്ടം തൊഴിലാളികളുടെ ആശ്വാസ പദ്ധതി | 10 | 8 | 32 |
| | 2. | അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യം | 100 | 45 | 335 |
| | 3. | മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ | 160 | 135.57 | 3,430 |
| | 4. | അസംഘടിത മേഖലയിലെ ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് ആശ്വാസ പദ്ധതി | 15 | 8.75 | 439 |
| | 5. | അസംഘടിതരായ പാവപ്പെട്ട തൊഴിലാളികൾക്കുള്ള ചെലവു കുറഞ്ഞ ഭവന നിർമ്മാണവും തോട്ടം തൊഴിലാളികളുടെ പുനരധിവാസവും പദ്ധതി | 100 + 400 *(eLarm)* = 500 | 500 | പദ്ധതി നടപ്പിലാക്കി വരുന്നു |
| | 6. | അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതി | 300 | (മുൻ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക വിനിയോഗിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല) | |
| | 7. | ആർ.എസ്.ബി.വൈ. | 14,000 | 9,538.02 | 62,35,279 |
| | 8. | ചിസ് പ്ലസ് | 7,500 | 4,644.51 | 37,226 |
| | 9. | ചിസ് | 9,200 | 7941.71 | 23,42,690 |
| | 10. | പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്നവർക്കുള്ള സാമ്പത്തിക സഹായ പദ്ധതി | 6,500 | 3250 | 1,44,748 |
| | 11. | കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ പദ്ധതി | 157.23 | മുഴുവൻ തുകയും ചെലവഴിച്ചു | 8,747 |
| | 12. | മരംകയറ്റ തൊഴിലാളി ധനസഹായ പദ്ധതി | 85.40 | മുഴുവൻ തുകയും ചെലവഴിച്ചു | 141 |
| | 13. | കർഷക തൊഴിലാളി പെൻഷൻ | 46,598.74 | മുഴുവൻ തുകയും ചെലവഴിച്ചു | 5,24,231 |

(ഒപ്പ്)

സെക്ഷൻ ഓഫീസർ